**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6003** **17-03-2023 - ൽ മറുപടിയ്ക്ക്**

**കേച്ചേരി സെന്റർ വികസിപ്പിക്കുന്നതിന് കിഫ്ബി സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെ അഞ്ചര കിലോമീറ്റർ റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതിനായി കിഫ്ബി വഴി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | തൃശ്ശൂർ - കുറ്റിപ്പുറം പാതയിൽ മെഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡ് വീതി കൂട്ടി വികസിപ്പിക്കുന്ന പ്രവൃത്തി കിഫ്ബി വഴി നിർവ്വഹിക്കുന്നതിനായി 10.07.2017-ലെ സ. ഉ . (സാധാ) നം. 942/2017/ പൊ.മ.വ. പ്രകാരം 50 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം തയ്യാറാക്കിയ പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ) അനുബന്ധരേഖകൾ സഹിതം നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് 25/06/2020-ന് ധനാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഡി.പി.ആർ പ്രകാരം 22 മീറ്റർ വീതിയിൽ വിഭാവനം ചെയ്തിരുന്ന പ്രസ്തുത റോഡിന്റെ കല്ലിടൽ പ്രവൃത്തികൾ പൂർത്തീകരിച്ചതും 22 മീറ്റർ ROW പരിഗണിച്ചായിരുന്നു. എന്നാൽ ഡി.പി.ആർ അവലോകനം നടത്തി കിഫ്ബി 17/07/2020-ന് നൽകിയ സാങ്കേതിക അവലോകന റിപ്പോർട്ടിൽ, കിഫ്ബി മാനദണ്ഡപ്രകാരം റോഡിന്റെ വീതി 23 മീറ്റർ വേണമെന്നും കൂടാതെ കലുങ്ക്, സംരക്ഷണ ഭിത്തി എന്നിവയുടെ ഡിസൈൻ ചെയ്യുന്നതിന് സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇതുപ്രകാരം പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെൻഡർ ചെയ്തെങ്കിലും, ഈ സമയത്ത് പ്രസ്തുത പ്രവൃത്തി കെ.ആർ.എഫ്.ബി ഏറ്റെടുക്കുകയും ചെയ്തു. സാങ്കേതിക അവലോകന റിപ്പോർട്ടിന് KRFB മറുപടി സമർപ്പിച്ചിരുന്നെങ്കിലും ആയത് തൃപ്തികരമല്ലാത്തതിനാൽ മതിയായ അനുബന്ധ രേഖകൾ സഹിതം തിരികെ സമർപ്പിക്കാൻ കിഫ്ബി KRFB-യോട് ആവശ്യപ്പെട്ടിരുന്നു.<br><br>പ്രസ്തുത റോഡിൽ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ് (KSTP)-ന്റെ പ്രവൃത്തി |

| | | | |
|---|---|---|---|
| | | | അനുവദിച്ചതിനെത്തുടർന്ന് അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നിർത്തി വയ്ക്കാൻ KRFB-ക്ക് നിർദ്ദേശം ലഭിച്ചിരുന്നെങ്കിലും, പിന്നീട് നടന്ന ഉന്നതതല മീറ്റിങ്ങുകളിലെ തീരുമാന പ്രകാരം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ ആരംഭിക്കുകയും, 20.04.2022-ന് കിഫ്ബിയിൽ നടന്ന അവലോകന യോഗത്തിൽ റോഡിന്റെ RoW 22. മീറ്റർ ആയി നിശ്ചയിക്കുകയും ചെയ്തു.<br><br>അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ കരാർ ലഭിച്ച ഏജൻസി മണ്ണ് പരിശോധനയും ഇൻവെസ്റ്റിഗേഷനും പൂർത്തീകരിച്ച് 09/03/2023-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും, ട്രാഫിക് പഠന റിപ്പോർട്ട് കൂടി ലഭ്യമായാൽ പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് പ്രോജക്റ്റ് പ്രിപ്പറേഷൻ യൂണിറ്റിന് കൈമാറുന്നതാണെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബിക്ക് സമർപ്പിച്ച് ധനാനുമതി നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. ഇപ്രകാരം കിഫ്ബിയുടെ സാങ്കേതിക അവലോകന റിപ്പോർട്ടിനുള്ള തൃപ്തികരമായ മറുപടി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പാതയിലെ കേച്ചേരി സെന്റർ വികസിപ്പിക്കുന്നതിന് കിഫ്ബി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | പ്രസ്തുത പാതയിലെ കേച്ചേരി ജംഗ്ഷന്റെ വികസനം ഈ പ്രവൃത്തിയുടെ അഡീഷണൽ ഇൻവെസ്റ്റിഗേഷന്റെ പരിധിയിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈനിനു വേണ്ടി ഉടൻ പൊതുമരാമത്ത് പ്രോജക്റ്റ് പ്രിപ്പറേഷൻ യൂണിറ്റിന് സമർപ്പിക്കുന്നതാണെന്നും, ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് പുതുക്കിയ ഡി.പി.ആറിന്റെ ഭാഗമായി കിഫ്ബിയിൽ സമർപ്പിച്ച് ധനാനുമതി നേടി പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി അറിയിച്ചിട്ടുണ്ട്. ഡി. പി. ആർ. സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ